# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2404

12.02.2020 ൽ മറുപടിക്ക്

### കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.മുരളി പെരുനെല്ലി: | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴിയുടെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ), (ബി) & (സി) | വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയിലൂടെ സാധ്യമാകുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. ഇതിനായി പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>20.11.2019 ലെ സ.ഉ.(സാധാ) നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ വ്യവസായ ഇടനാഴി പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിന് വേണ്ടി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ഉം സംസ്ഥാന സർക്കാരും, കിൻഫ്രയും തമ്മിൽ |
| (ബി) | സ്ഥലം ഏറ്റെടുക്കലും വികസനവും ഏതൊക്കെ ഏജൻസികളുടെ ചുമതലയാണ്; ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങളേയും സ്വകാര്യ സംരംഭകരെ ആകർഷിക്കാനായുള്ള വിവിധ പദ്ധതികളെക്കുറിച്ചും അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഒപ്പു വെക്കുന്ന സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരം നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ്, പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുകയും സംസ്ഥാന സർക്കാരും കിൻഫ്രയും ഈ പ്രകാരം പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി പദ്ധതി നടപ്പിലാക്കുക എന്നതാണ് എഗ്രിമെന്റിന്റെ കാതലായ ഭാഗം.<br>മൊത്തം 1878 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് .ഇതിൽ പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തിരം ഏറ്റെടുക്കുന്നതിനുള്ള അനുമതി 16.01.2020 തിയ്യതിയിലെ സ. ഉ. (കൈ) നം 15/ 2020/ വ്യവ. പ്രകാരം നല്കിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**